# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2122 — 19.06.2012-ൽ മറുപടിക്ക്

### പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണം

**ചോദ്യം**

ശ്രീമതി. കെ.എസ്.സലീഖ

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ പൂട്ടികിടക്കുന്നു; അവ ഏതെല്ലാം;

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ ഇപ്പോൾ 8 പൊതുമേഖലാസ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നു. അവ താഴെപറയുന്നവയാണ്.

1. Kerala State Detergents & Chemicals Ltd
2. Kerala Special Refractories Ltd.
3. Astral Watches Ltd
4. Kerala Garments Ltd
5. Keltron Counters Ltd
6. Keltron Power Devices Ltd
7. Keltron Rectifiers Ltd
8. Sidkel Televisions Ltd

(ബി) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

- Kerala State Detergents & Chemicals Ltd ന്റെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
- കാസർഗോഡ് ജില്ലയിലെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള Astral Watches Ltd-ലെ എല്ലാ ജീവനക്കാരും SSNP പ്രകാരം പിരിഞ്ഞുപോകുകയും കമ്പനിയുടെ ചുമതല 100% ഷെയർ ഹോൾഡറായ KSIDC-യെ

ഏൽപ്പിച്ചിരിക്കുകയുമാണ്. ഈ സ്ഥാപനത്തിലെ സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്.

➢ Kerala Garments Ltd – ന്റെ ആസ്തികളും ബാധ്യതകളും HANVEEV-ന് കൈമാറി.

➢ Keltron Counters Ltd-ന്റെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics Dev.Corporation Ltd (KSEDC) നെ ചുമതലപ്പെടുത്തി. ബാക്കിയുള്ള 35 ജീവനക്കാരെ കെൽട്രോണിന്റെ യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. Keltron Counters Ltdന്റെ സ്ഥലവും സൗകര്യങ്ങളും Gulati Institute of Finance & Taxation (GIFT) എന്ന സർക്കാർ സ്ഥാപനത്തിന് കൈമാറി..

➢ Keltron Power Devices Ltd ഉം Keltron Rectifiers Ltd ഉം അവയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടെ വികസനപ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ KSEDC ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി ആരംഭിച്ച പൊതു മേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. |
| (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി ആരംഭിച്ച പൊതു മേഖലാ സ്ഥാപനത്തിൽ നിന്നും ഉല്പാദനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) ചോദ്യം ഉദിക്കുന്നില്ല. |

Adithab

സെക്ഷൻ ഓഫീസർ